കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

# ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.4/1899/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തിയ്യതി. 06.12.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് .

സർ,

വിഷയം: ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2017-18-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 2-2,3-9എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 കേരളാ

പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഏയിംസിൽ)

2)അസി.ഡവലപ്പ് മെന്റ് കമ്മീഷണർ (ഇ-മെയിൽ വഴി)

3)കാര്യാലയ പ്രതി

നം.കെ.എസ്.എ./കെ.എൻ.ആർ./സി.4/1899/2018 തീയ്യതി 06.12.2018

# കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

## ആമുഖം

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് 03.11.2017 മുതൽ 16.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 17 എണ്ണം നൽകിയതിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 08-10-2018 മുതൽ 17-10-2018 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ലതീഷ് കുമാർ കെ.കെ | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | വസന്ത കുമാരി.ടി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | രാമചന്ദ്രൻ.പി | 01.04.2017 മുതൽ 08.06.2017 വരെ |
| | സുനിൽകുമാർ.കെ.എം | 09.06.2017 മുതൽ 12.01.2018 വരെ |
| | പ്രകാശൻ.പി.പി | 13.01.2018 മുതൽ 16.02.2018 വരെ |
| | സുനിൽകുമാർ.കെ.എം | 17.02.2018 മുതൽ 31.03.2018 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ജമീല കുന്നത്ത് | 01.04.2017 മുതൽ 26.06.2017 വരെ |
| | കുര്യൻ അബ്രഹാം | 27.06.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | കലേഷ്.കെ | 01.04.2017 മുതൽ 21.07.2017 വരെ |
| | അനിൽ കുമാർ.പി.വി | 22.07.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | രാഗേഷ്.പി | 01.04.2017 മുതൽ 18.09.2017 വരെ |
| | ബാബുരാജ് കൊയിലേരിയൻ | 19.09.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ബീന.പി.വി | 01.04.2017 മുതൽ 01.07.2017 വരെ |
| | റാഹില.എം.പി | 02.07.2017 മുതൽ 27.09.2017 വരെ |
| | രാജി.എസ്.മോണി | 28.09.2017 മുതൽ 07.11.2017 വരെ |
| | ശ്യാമ എം.എ | 08.11.2017 മുതൽ 04.12.2017 വരെ |
| | രാജി.എസ്.മോണി | 05.12.02017 മുതൽ 01.01.2018 വരെ |
| | ശ്യാമ എം.എ | 02.01.2018 മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ | തസ്നി മുഹമ്മദ് | 01.04.2017 മുതൽ 30.07.2017 വരെ |
| | ടി.ശിവദാസൻ | 31.07.2017 മുതൽ 08.11.2017 വരെ |
| | ജീനu.ജെ | 09.11.2017 മുതൽ 31.03.2018 വരെ |
| സി.ഡി.പി.ഒ | നിർമ്മല.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| സി.ഡി.പി.ഒ (അഡീ.) | ലക്ഷ്മി.കെ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 19.07.2017 വരെ |
| | ലേഖ.കെ | 20.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അനിൽകുമാർ ജി. | 01.04.2017 മുതൽ 03.08.2017 വരെ |
| | ഡോ.കാർത്ത്യായനി.പി.കെ | 04.08.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ഉണ്ണികൃഷ്ണപിള്ള | 01.04.2017 മുതൽ 04.05.2017 വരെ |
| | ഷാജി.ഡി | 05.05.2017 മുതൽ 01.06.2017 വരെ |
| | ശ്രീജ.പി.ആർ | 02.06.2017 മുതൽ 11.06.2017 വരെ |
| | അബ്ദുൾ ലത്തീഫ് | 12.06.2017 മുതൽ 03.07.2017 വരെ |
| | ശ്രീജ.പി.ആർ | 04.07.2017 മുതൽ 10.07.2017 വരെ |
| | സതീഷ് കുമാർ പി.വി | 11.07.2017 മുതൽ 25.07.2017 വരെ |
| | സന്തോഷ് ശിവാന്ദന് | 26.07.2017 മുതൽ 01.02.2018 വരെ |
| | വിമല.സി | 02.02.2018 മുതൽ 08.03.2018 വരെ |
| | ശ്രീജേഷ്.കെ | 09.03.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം **1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങ ൾ | |
| 10 | റസീറ്റ് ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | 2-1 |
| 11 | വാടകയ്ക്ക് നൽകിയ കെട്ടിടങ്ങൾക്ക് വാടക തുകയിൽ ഇതുവരെ വർദ്ധനവ് വരുത്തിയിട്ടില്ല. | 2-2 |
| | ഭാഗം 3<br>ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷ ണങ്ങൾ | |
| 12 | തനത് ഫണ്ട് ചെലവുകൾ പ്രസിഡണ്ട് അധികൃതമാക്കുന്നില്ല | 3-1 |
| 13 | വാഹനം വാടകയ്ക്ക് ഉപയോഗിക്കൽ - സർക്കാർ നിർദ്ദേശിച്ച വ്യവസ്ഥ പാലിച്ചില്ല | 3-2 |
| 14 | .വാഹന ഇൻഷ്വറൻസ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ് | 3-3 |

| | | |
|---|---|---|
| 15 | പഴയ ബാറ്ററിയുടെ വില സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. | 3-4 |
| 16 | പി.എം.എ.വൈ ഭവന നിർമ്മാണം 2016-17 അപാകങ്ങൾ - ചെലവ് തുക :₹12,48,000 തടസ്സപ്പെടുത്തുന്നു. | 3-5 |
| 17 | പി.എം.എ.വൈ ഭവന നിർമ്മാണം 2017-18 -അപാകങ്ങൾ | 3-6 |
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തുക ₹50,000 തടസ്സപ്പെടുത്തുന്നു | 3-7 |
| 19 | ഐ.കെ.എം.ന് അടയ്ക്കേണ്ട വിഹിതം | 3-8 |
| 20 | പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകം - മുഴുവൻ രേഖകളും ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-9 |
| 21 | പദ്ധതി മാർഗ്ഗരേഖ പ്രകാരമല്ല പച്ചക്കറി കൃഷി വികസനം (വനിത) നടപ്പിലാക്കിയത് | 3-10 |
| 22 | ക്ഷീര സഹകരണസംഘങ്ങളിലൂടെ പാലിന് സബ്സിഡി പദ്ധതി നടത്തിപ്പ് ക്രമപ്രകാരമല്ല | 3-11 |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-12 |
| 24 | പ്രൊജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക – സർക്കാർ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. | 3-13 |
| 25 | ഗുണഭോക്തൃവിഹിതം ശേഖരിക്കാതെ പ്രൊജക്ട് നടപ്പിലാക്കിയത് പ്രൊജക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധം | 3-14 |
| 26 | ഗ്രാമ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 3-15 |
| 27 | ജലസേചന പ്രോജക്ടുകൾക്ക് ഗുണഭോക്തൃവിഹിതം | 3-16 |

| | | |
|---|---|---|
| | ഈടാക്കിയില്ല- | |
| 28 | ഗുണഭോക്തൃസമിതിക്ക് ഓവർഹെഡ് ചാർജ്, നികുതികൾ എന്നിവ അനുവദിച്ചതിലെ അപാകം -ചെലവ് തുക ₹4,86,686 തടസ്സപ്പെടുത്തുന്നു. | 3-17 |
| 29 | നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തി | 3-18 |
| 30 | വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ഇതുവരെയായി ലഭ്യമായില്ല -തുടർനടപടിയും സ്വീകരിച്ചില്ല. | 3-19 |
| 31 | മാലിന്യ സംസ്കരണം -ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയത് | 3-20 |
| 32 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല -ചെലവ് തുക ₹1750 തടസ്സപ്പെടുത്തുന്നു. | 3-21 |
| | ഭാഗം4<br>പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ട് | 4-7 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 44 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 45 | ഇൻകം ആന്റ് എക്സ്പ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 46 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25.03.2017 തീയതിയിലെ 19b/17തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വരവ് (മുന്നിരിപ്പ് ഉൾപ്പെടെ ) | 283842166 |
| ആകെ | 283842166 |
| ചെലവ് | 269650058 |
| നീക്കിയിരിപ്പ് | 14192108 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 03.07.2018 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.07.2018 & 12.07.2018 | KSA/KNR /C4/1407/18 തീ.16.07.2108 |

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.ഐ.എ.വൈ.പ്ലാൻ (സിന്റിക്കേറ്റ് ബാങ്ക്)അക്കൌണ്ടിലെ ബാങ്ക് പലിശ വരവ് കാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.നീക്കിയിരിപ്പ് തുക ഒത്തു നോക്കൽ നടത്തി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

2.കെട്ടിട വാടക,ഓഡിറ്റോറിയം വാടക,ടെണ്ടർ ഫോറം റജിസ്റ്റർ,ലേല റജിസ്റ്റർ എന്നിവ പ്രകാരമുള്ള വരവ് തുകകൾ അക്കൌണ്ടിലെ വരവുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3.ലോൺ റജിസ്റ്റർ,മുൻക്കൂർ റജിസ്റ്റർ എന്നിവ പൂർണ്ണമാക്കിയിട്ടില്ല.

4.ആസ്തി ബാദ്ധ്യതകൾ പൂർണ്ണമായും തിട്ടപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 56236734 |
| വരവ് | 95826099 |
| ആകെ | 152062833 |
| ചെലവ് | 120559838 |
| നീക്കിയിരിപ്പ് | 31502995 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 45741094 | 45741094 | 43992325 | 1748769 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8016000 | 8016000 | 7832312 | 183688 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1699000 | 1699000 | 1697018 | 1982 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5826000 | 5826000 | 5826000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| നബാർഡ് | 560269 | 3125000 | 3685269 | 3466439 | 218830 |
| ഐ.ഡബ്ല്യു.എം.പി | 21938 | 1070081 | 1092019 | 1001001 | 91018 |
| ടി.എസ്.സി | 710062 | 42056 | 752118 | 695192 | 56926 |
| തനത് ഫണ്ട് ട്രഷറി അക്കൗണ്ട് | 8427946 | 3283335 | 11711281 | 12023626 | (-)312345 |

*.ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2017-18 വർഷം രൂപ 3283335 ലഭിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ മറ്റുതുകകളും നിക്ഷേപിക്കുന്നതിനാൽ ഇതിന്റെ മാത്രം വിനിയോഗ വിവരം ലഭ്യമല്ല. പ്രസ്തുത ഫണ്ടിന്റെ മാത്രം വിനിയോഗം സംബന്ധിച്ച് പ്രത്യേകം റജിസ്റ്ററോ,അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല. മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിനിയോഗം കാണിക്കുന്ന അക്കൗണ്ടുമായി പൊരുത്തപ്പെടുത്തിയിട്ടുള്ള കൃത്യമായ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഈ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 14 | 19700627 | 8297807 | 42.11 |
| സി.ഡി,പി.ഒ | 6 | 6 | 3421070 | 3404250 | 99.50 |
| സി.എച്ച്.സി.മയ്യിൽ | 2 | 2 | 384000 | 361880 | 94.23 |
| പട്ടികജാതി വികസന | 5 | 4 | 1486265 | 647501 | 43.56 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| അസി.എഞ്ചിനിയർ | 59 | 41 | 45060027 | 26829626 | 59.54 |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 4 | 4 | 6573829 | 4023897 | 61.21 |
| വ്യവസായ വികസന ഓഫീസീർ | 1 | 1 | 75000 | 65140 | 86.85 |
| ക്ഷീരവികസന ഓഫീസർ | 3 | 3 | 2785193 | 2782302 | 99.89 |
| അസി.എക്സി.എഞ്ചിനിയർ | 23 | 21 | 25041469 | 12587556 | 50.26 |
| ആകെ | 120 | 96 | 104527480 | 58999959 | 56.44 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 58637833 | 40083499 | 68.35 |
| എസ്.സി.പി | 10032366 | 6832842 | 68.10 |
| ടി.എസ്.പി | 1699000 | 1697018 | 99.88 |
| കേന്ദ്രാവിഷ്കൃതം | 14034000 | 1496973 | 10.67 |
| തനത് ഫണ്ട് | 6315066 | 3132353 | 49.60 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 1351524 | 0 | - |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1260000 | 0 | - |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 7999655 | 5381024 | 67.26 |

| | | | |
|---|---|---|---|
| മറ്റുള്ളവ | 3198036 | 376250 | 11.76 |
| ആകെ | 104527480 | 58999959 | 56.44 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ പൂർണ്ണമായി നടപ്പിലാക്കുന്നതിൽ 2017-18 വർഷം വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. പട്ടികജാതി വികസന ഓഫീസർ,സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എന്നിവർ നടപ്പിലാക്കിയ പ്രൊജക്ടുകൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലായില്ല. എങ്കിലും ആകെ അംഗീകാരം ലഭിച്ച 120 പ്രൊജക്ടുകളിൽ 96 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യം പരിശോധനാവിധേയമാക്കി പ്രൊജക്ട് നിർവ്വഹണത്തിൽ വന്ന കുറവുകൾ പരിഹരിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 120 | 104527480 | 96 | 58999959 | 32 | 24 | 67 |

ജി.ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ഫലപ്രദമായി നടന്നില്ലെന്ന് മിനിട്സ് പരിശോധനയിൽ വ്യക്തമായി. യോഗ തീരുമാനങ്ങൾ കൃത്യമായി എഴുതി ചേർക്കുന്നില്ല. എന്തൊക്കെ വിഷങ്ങളിൽ സമിതിയുടെ ഇടപെടലുകൾ ഉണ്ടായെന്ന് വ്യക്തമല്ല. സമിതി അംഗങ്ങളുടെ പട്ടിക ഫോറം 1 ൽ തയ്യാറാക്കി നടപടി ക്രമം ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടുമില്ല. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൌത്യം. ആയതിനാൽ സമിതിയുടെ പ്രവർത്തനം കുറ്റമറ്റ രീതിയിൽ ആവേണ്ടതായുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

പഞ്ചായത്തിൽ അനിവാര്യമായ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ്

ഗ്രൂപ്പുകളുടെ അംഗങ്ങളുടെ പട്ടിക നിശ്ചിത മാതൃകയിൽ (അനുബന്ധം 2)തയ്യാറാക്കി ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടില്ല.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വേണ്ടരീതിയിൽ നടന്നിട്ടില്ലെന്ന് എന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രൊജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ട്. കമ്മിറ്റി യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രൊജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.09.2017 | 2015-16 | 07.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2015 | 2010-11 മുതല് 2013-14 വരെ | 22.05.2015 |

## 1-9 വാർഷികകണക്കുകളിലെ അപാകതകൾ

അക്കൗണ്ട് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ്

പരാമർശങ്ങൾ

1.മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും, സർക്കാറിൽ ലഭിക്കുന്ന ലഭിക്കുന്ന തുകകളുടെ വിനിയോഗം കാണിക്കുന്ന റജിസ്റ്റർ അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി കൃത്യമായി സൂക്ഷിച്ചിട്ടില്ല.

2.ഡെപ്പോസിറ്റ് റജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 റസീറ്റ് ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

മാനുവലായി ഉപയോഗിക്കുന്ന റസീറ്റ് ബുക്ക് - സ്റ്റോക്ക് രജിസ്റ്ററിൽ ലഭിച്ച ബുക്കുകളുടെ എണ്ണം, ബുക്ക് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വിതരണം നടത്തിയ റസീറ്റ് ബുക്കുകളുടെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യാ റസീറ്റുകൾ ലഭിച്ച തീയ്യതി, എണ്ണം. വിതരണം നടത്തിയ വിവരം ബാലൻസ് എന്നിവ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/10.10.2018) മറുപടിയായി സ്റ്റോക്ക രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. റസീറ്റ് സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തേണ്ടതാണ്.

### 2-2 വാടകയ്ക്ക് നൽകിയ കെട്ടിടങ്ങൾക്ക് വാടക തുകയിൽ ഇതുവരെ വർദ്ധനവ് വരുത്തിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് പാസ്സാക്കി ഗ്രാമ വികസന വകുപ്പ് കമ്മീഷണർ തിരുവനന്തപുരത്തിന് അയച്ച വാടക നിയമാവലിയിലെ 6-ാം നമ്പർ വ്യവസ്ഥ പ്രകാരം മുറി ലഭിക്കുന്ന ആൾക്ക് ആദ്യത്തെ മൂന്ന് വർഷം വാടക വർദ്ധനവില്ലാതെ സാമ്പത്തിക വർഷം കരാർ പുതുക്കി മുറി ഉപയോഗിക്കാവുന്നതും തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് നിലവിലുള്ള വാടകയുടെ 5 മുതൽ 15 ശതമാനം വരെ അധികം നിശ്ചയിച്ച തുടർ വർഷങ്ങളിൽ കൈവശക്കാരന് തന്നെ മുറികൾ നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2014 മുതൽ വാടകക്ക് നൽകിയ കെട്ടിടങ്ങൾക്ക് ഇതുരെ വർദ്ധനവ് വരുത്തി കാണുന്നില്ല. വാടക വർദ്ധനവ് വരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തനത് ഫണ്ട് ചെലവുകൾ പ്രസിഡണ്ട് അധികൃതമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011 (ജി.ഒ (എം.എസ്) നമ്പർ. 83/11/ ത.സ്വ.ഭ.വ 28-03-2011 ഖണ്ഡിക 34 (1), (2) എന്നിവ പ്രകാരം എല്ലാ ചെലവുകളും പ്രസിഡണ്ട് അധികൃതമാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ ഒരു തനത് ഫണ്ട് ചെലവും പ്രസിഡണ്ട് അധികൃതമാക്കിയിട്ടില്ല.

അക്കൗണ്ടിംഗിന് സാംഖ്യ സോഫ്റ്റ് വെയറാണ് ഉപയോഗിക്കുന്നത്. ചെലവ് വൗച്ചറായി സൂക്ഷിക്കേണ്ട payment Voucher എടുത്ത് സൂക്ഷിക്കാതെ തനത് ഫണ്ട് ചെലവുകൾക്കായി Form T.R 61 Fully vouchered Contingent Bill Form ആണ് ഉയോഗിച്ചിരിക്കുന്നത് . ഈ ചെലവ് ബില്ലുകൾ ഒന്നും തന്നെ പ്രസിഡണ്ട് അധികൃതമാക്കുകയോ സെക്രട്ടറി പാസാക്കുകയോ സബ് വൗച്ചറുകളിൽ സെക്രട്ടറി ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല. ബില്ലിന്റെ കൂടെയുള്ള നടപടിക്രമത്തിൽ മാത്രമാണ് സെക്രട്ടറി ഒപ്പുവെച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ചെലവ് വൗച്ചറുകൾ എല്ലാം തന്നെ സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റെയും സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കുന്നതാണ് എന്നും ഇനിമുതൽ സാംഖ്യ വഴി ജനറേറ്റ് ചെയ്യുന്ന പേമന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നതായിരിക്കും എന്നാണ്.

## 3-2 വാഹനം വാടകയ്ക്ക് ഉപയോഗിക്കൽ - സർക്കാർ നിർദ്ദേശിച്ച വ്യവസ്ഥ പാലിച്ചില്ല

സ.ഉ.(ആർ.ടി ) നമ്പർ.2493 /2012 തസ്വഭവ , തീയതി 03-09-2012 പ്രകാരം സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള പ്രതിവർഷ ചെലവ് പരിധി ₹75000 ആയി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി ചെലവ് ചെയ്തതായി കാണുന്ന വിശദവിവരം ചുവടെ നൽകുന്നു.

| ക്രമ നമ്പർ | വാടകയ്ക്ക് എടുത്ത വാഹനത്തിന്റെ വിവരം | ചെലവ് വിവരം | | കുറിപ്പ് |
|---|---|---|---|---|
| | | ചെക്ക് നമ്പർ /തീയതി | തുക | |
| 1 | KL 59 M 4820 Car ഡ്രൈവർ - ശ്രീ.സി.പി.രാഘവൻ | 1529343 dtd10-05-17 | 26890 | വാഹനം ഓടിയതുമായി ബന്ധപ്പെട്ട് ട്രിപ്പ് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല |
| 2 | | 1529354 dtd06-06-17 | 25000 | |
| 3 | | 1529375 dtd11-07-17 | 25000 | |
| 4 | | 1044807 dtd 31-08-17 | 4860 | |

| | | | | |
|---|---|---|---|---|
| 5 | | 1044804 dtd 30-08-17 | 4800 | |
| 6 | | 1044838 dtd 19-10-17 | 8880 | |
| 7 | | 1044852 dtd 17-11-17 | 1350 | |
| 8 | | 1044873 dtd 12-12-17 | 7155 | |
| 9 | | 2617116dtd 09-02-18 | 5400 | |
| ആകെ | | | 109335 | |

സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിക്കുന്നത് ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതാണ്. വാഹനം ഓടിയതുമായി ബന്ധപ്പെട്ട് ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അധിക ചെലവ് വരാനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-3 <u>വാഹന ഇൻഷ്വറൻസ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്</u>

ചെക്ക് നമ്പർ 1044812 dtd 22-09-2017 പ്രകാരം ₹12040 നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് KL.59.F.4010 എന്ന വാഹനത്തിന്റെ ഇൻഷ്വറൻസിന് ചെലവഴിച്ചിട്ടുണ്ട്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവ്വ പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേലിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-4 <u>പഴയ ബാറ്ററിയുടെ വില സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.</u>

KL.59.F.4010 വാഹനത്തിന് ബാറ്ററി വാങ്ങുന്നതിന് ചെക്ക് നമ്പർ 1523367 dtd 27-06-2017 പ്രകാരം ₹6800 ചെലവഴിച്ചിട്ടുണ്ട്. ക്വട്ടേഷൻ പ്രകാരമാണ് ബാറ്ററി

വാങ്ങിയിട്ടുള്ളത് . ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ലിയാങ്ങ് ഗ്ലോബൽ ബിസിനസ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് ബാറ്ററി വാങ്ങിയതെങ്കിലും പഴയ ബാറ്ററിക്ക് ലഭിച്ച തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കിയിട്ടില്ല.

## 3-5 പി.എം.എ.വൈ ഭവന നിർമ്മാണം 2016-17 തുക വിതരണം ചെയ്തതിലെ അപാകങ്ങൾ - ചെലവ് തുക :₹12,48,000 തടസ്സപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 02/18 -പി.എം.എ.വൈ ഭവന നിർമ്മാണം 2016-17

അടങ്കൽ : ₹12,48,000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

: ₹46,80,000 -കേന്ദ്രാവിഷ്കൃത ഫണ്ട്

: ₹7,80,000 – ജില്ലാ പഞ്ചായത്ത്

: ₹10,92,000 - ഗ്രാമപഞ്ചായത്ത്

ആകെ : ₹78,00,000

ചെലവ് :₹12,48,000

ബിൽ നമ്പർ : 06/17-18 dtd 28-07-2017

2016-17 ൽ കരാർ വെച്ചിട്ടുള്ള പൊതുവിഭാഗത്തിൽപ്പെടുന്ന PMAY ഗുണഭോക്താക്കൾക്ക് വീടിനുള്ള ധനസഹായം അനുവദിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. 39 ഗുണഭോക്തക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ ₹32000 വീതം നൽകുന്നതിനാണ് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചത് . എന്നാൽ തുക സെക്രട്ടറിയുടെ TSBഅക്കൗണ്ടായ799011400002377 ൽ നിക്ഷേപിക്കുകയാണ് ചെയ്തത്. ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രജിസ്ററർ പരിശോധിച്ചതിൽ ട്രഷറിയിൽ നിന്ന് തുക പിൻവലിക്കുന്നതിന് മുമ്പെ തന്നെ ബില്ലിനോടൊപ്പം ചേർത്ത ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തതായും പിൻവലിച്ച് മാസങ്ങൾക്ക് ശേഷം നൽകിയതായും തുക രണ്ട് ഗഡുക്കളായി നല്കിയതായും കാണുന്നു. എന്നാൽ ടി.എസ്.ബി. അക്കൗണ്ടിൽ നിന്ന് തുക പിൻവലിച്ച് അക്കൗണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി.ചെല്ലമ്മ.കെ.എസ് (KL1146532), ശ്രീമതി. സി.എൻ.വിലാസിനി (Kl 1144348) എന്നിവർക്ക് തുക വിതരണം ചെയ്തതായും കാണുന്നില്ല. കൂടാതെ പ്രോജക്ടിനായി വകയിരുത്തിയ ജില്ല പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവയിലും തുക നൽകിയതായി പദ്ധതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ ചെലവ് സ്റ്റേറ്റ്മെന്റായ സുലേഖ റിപ്പോർട്ടിൽ വരികയോ ഇവ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വരവ് വെച്ചതിന്റെ വിവരം ലഭ്യമാക്കുകയേ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുക

₹12,48,000 തടസ്സപ്പെടുത്തുന്നു. പി.എം.വൈ ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ കൃത്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം 11 തീയതി 15-10-2018) മറുപടിക്ക് ഫയലുകൾ പരിശോധിച്ച് മറുപടി പിന്നീട് ലഭ്യമാക്കുന്നതാണ് എന്നാണ് അറിയിച്ചത്.

## 3-6 പി.എം.എ.വൈ ഭവന നിർമ്മാണം 2017-18 -കണക്കുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ : 115/18 -പി.എം.എ.വൈ ഭവന നിർമ്മാണം 2017-18

അടങ്കൽ : ₹1,92,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

: ₹7,20,000 -കേന്ദ്രാവിഷ്കൃത ഫണ്ട്

: ₹1,20,000 –- ഗ്രാമപഞ്ചായത്ത്

: ₹1,68,000 -- ജില്ലാ പഞ്ചായത്ത്

ആകെ : ₹12,00,000

ചെലവ് : ₹1,60,000

ബിൽ നമ്പർ : 16/17-18 dtd 20-10-2017

2017-18 വർഷം 6 പേർക്ക് ഭവന നിർമ്മാണത്തിനായി ₹2,00,000 വീതം സബ്സിഡി നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. 5 പേർക്ക് വിതരണം ചെയ്യുന്നതിനാണ് തുക പിൻവലിച്ചത് എങ്കിലും വിതരണ റജിസ്റ്റർ പ്രകാരം 4 പേർക്ക് മാത്രമേ തുക നൽകിയതായി കാണുന്നുള്ളൂ. കൂടാതെ പ്രോജക്ടിനായി വകയിരുത്തിയ ജില്ല പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവയിലും തുക നൽകിയതായി പദ്ധതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ ചെലവ് സ്റ്റേറ്റ്മെന്റായ സുലേഖ റിപ്പോർട്ടിൽ വരികയോ ഇവ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വരവ് വെച്ചതിന്റെ വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം 11തീയതി 15-10-2018) മറുപടിക്ക് 2017-18 ൽ 6 ഗുണഭോക്താക്കളുണ്ടെങ്കിലും 5 പേർ മാത്രമാണ് 2017-18 ൽ എഗ്രിമെന്റ് വെച്ചിരുന്നത് എന്നും ഇവരിൽ 4 പേരുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് മാത്രമാണ് ലഭിച്ചത് എന്നും ആയതിനാൽ 4 പേർക്ക് മാത്രമാണ് തുക നൽകിയത് എന്നുമാണ്. ബാക്കി സ്പിൽ ഓവറിൽ ഉൾപ്പെടുത്തി നൽകുന്നതാണ് എന്നാണ് അറിയിച്ചത്.

സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുമ്പ് തുക പിൻവലിച്ച് ടി.എസ്.ബി. അക്കൗണ്ടായ799011400002377 ൽ നിക്ഷേപിക്കുകയും ഇതിൽ നിന്നും വിതരണം ചെയ്യുകയും ചെയ്യുന്നത് തെറ്റായ നടപടി ക്രമമാണ്. ഇത്തരത്തിൽ പിൻവലിച്ച് നിക്ഷേപിച്ച തുകയും ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ചവിഹിതവുമടക്കം ₹ 2,90,07,693 ഈ

അക്കൗണ്ടിൽ 2017-18 ൽ നീക്കിയിരിപ്പുണ്ട്. കൂടാതെ IAY,PMAY എന്നീ പദ്ധതികൾക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ₹16,98,716 ടി.എസ്.ബി. അക്കൗണ്ട് 719051400000018 ലും നീക്കിയിരിപ്പുണ്ട്. ഈ തുകയിൽ IAY ജനറൽ,പട്ടികജാതി,പട്ടികവർഗ്ഗം തുടങ്ങിയവയ്ക്ക് ലഭിച്ചതുക എത്രയെന്നോ എത്ര ഗുണഭോക്താക്കൾക്ക് നൽകേണ്ടതുകയാണ് എന്ന വിവരവും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വിതരണം ചെയ്യാതെ അധികം പിൻവലിച്ച തുകയുടെ കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും ഭവനമിർമ്മാണ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള കണക്ക് എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തുക ₹50,000 തടസ്സപ്പെടുത്തുന്നു

ചെക്ക് നമ്പർ 1044805 dtd 30-08-2017 പ്രകാരം ₹50,000 പ്രോജക്ട് ഡയരക്ടർ, പി.എ.യു.കണ്ണൂരിന് ട്രേഡ് ഫെയർ എക്സ്പോ ചെലവിനായി നല്കിയതായി ചെക്ക് ഇഷ്യൂരജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഇതിന്റെ വൗച്ചർ, കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവ ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചത്. മേൽ അപാകങ്ങൾ കാരണം ചെലവ് തുക ₹50,000 തടസ്സപ്പെടുത്തുന്നു

## 3-8 ഐ.കെ.എം.ന് അടയ്ക്കേണ്ട വിഹിതം

പ്രോജക്റ്റ് നമ്പർ : 05/ 18

അടങ്കൽ : ₹55461-വികസന ഫണ്ട്

ചെലവ് : ₹55461

ബിൽ നമ്പർ : 04/17-18 dtd 12-07-2017

IKM ന് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ₹55461 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കൈപ്പറ്റ്. വിനിയയോഗ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 08 തീയതി 15-10-18 ) സാക്ഷ്യ പത്രങ്ങൾ ശേഖരിച്ച് അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ ₹55461 ചെലവ് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-9 പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകം - മുഴുവൻ രേഖകളും ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ

1.പ്രോജക്റ്റ് നമ്പർ : 79/18 – ശ്രീകണ്ഠാപുരം പ്രീമെട്രിക് ഹോസ്റ്റലിനാവശ്യമായ

ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : ₹28320 (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് : ₹28320

മേൽ പ്രൊജക്ടിനായി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നമ്പർ KADCO/NRO/SALES/17-18/252 dtd 09-03-2018 പ്രകാരം ₹28440-ക്ക് 3 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ആയതിന് 17-03-2018 ന് ശ്രീ.ശ്രീജേഷ്. കെ, പട്ടികജാതി വികസന ഓഫീസർ, തയ്യാറാക്കിയ ₹28320 ന്റെ ബില്ലിന്റെ പകർപ്പും ₹28440 കാഡ്കോവിന്റെ കൈപ്പറ്റും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കേഷ് ബുക്ക്, ബിൽ ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, കാഡ്കോവിന്റെ പ്രൈസ് ലിസ്റ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയും ഇൻവോയ്സ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ചെലവ് തുക ₹28320 തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നമ്പർ : 80/18 – ശ്രീകണ്ഠാപുരം മെട്രിക് ഹോസ്റ്റലിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതി

അടങ്കൽ : ₹87945 (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് : ₹56881

മേൽ പദ്ധതിക്കായി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നമ്പർ KADCO/NRO/SALES/17-18/226 dtd 26-02-2018 പ്രകാരം ₹56881-ക്ക് 6 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ആയതിന് 17-03-2018 ശ്രീ.ശ്രീജേഷ്. കെ, പട്ടികജാതി വികസന ഓഫീസർ, തയ്യാറാക്കിയ ₹56881 ന്റെ ബില്ലിന്റെ പകർപ്പും₹56881 കാഡ്കോവിന്റെ കൈപ്പറ്റും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കേഷ് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ, കാഡ്കോവിന്റെ പ്രൈസ് ലിസ്റ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുക ₹56881തടസ്സപ്പെടുത്തുന്നു.

3. പ്രോജക്ട് നമ്പർ : 78/18 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ : ₹13,00,000 (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് : ₹5,50,000

മേൽ പദ്ധതിക്കായി ശ്രീ.സന്തോഷ് ശിവാനന്ദൻ, പട്ടികജാതി വികസന ഓഫീസർ, തയ്യാറാക്കിയ 14-12-2017 ലെ ₹ 50,000 ന്റെ ബിൽ കോപ്പിയും 24-08-2017ന് തയ്യാറാക്കിയ ₹3,50,000 ന്റെ ബിൽ കോപ്പിയും (ബിൽ നമ്പർ BPB/No-01/17-18 കേഷ് ബുക്കിൽ 31-08-2017 ചേർത്തിട്ടുണ്ട്.) 16-09-2017 ന് തയ്യാറാക്കിയ ₹1,00,000 ബിൽ കോപ്പിയും ( ബിൽ നമ്പർ BPB/No-02/17-18 കേഷ് ബുക്കിൽ 22-09-2017 ചേർത്തിട്ടുണ്ട്.) ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ബില്ലുകളിലെ ഷെഡ്യൂളുകൾ പ്രകാരം 10 പേർക്ക് ₹50,000വീതം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി ചെലവ് റിപ്പോർട്ടായ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ₹5,50,000 ചെലവഴിച്ചിട്ടുണ്ട്. ₹50,000 യുടെ ബില്ല്, തുക വിതരണം ചെയ്തതിന്റെ

വിവരവും, കേഷ് ബുക്ക് എന്നിവയും, ബിൽ ബുക്ക്, പഠനമുറി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹5,50,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ആവശ്യപ്പെടുന്ന സമയത്ത് ആയവ ഹാജരാക്കാതിരിക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നു.

4. പ്രോജക്ട് നമ്പർ : 81/18 –പട്ടികജാതി വികസന ഓഫീസിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനുള്ള പദ്ധതി
അടങ്കൽ : ₹20000 (റോഡിതരം )

ചെലവ് : ₹12300

മേൽ പദ്ധതി പ്രകാരം നിക്ഷാൻ ഇലക്ട്രോണിക്സിൽ നിന്നും ₹12300 Eureka Forben Aqua Guard UV + UF Water Purifier വാങ്ങിയിട്ടുണ്ട്. പ്രസ്തുത തുക നൽകുന്നതിനായി ശ്രീമതി. വിമല. സി, പട്ടികജാതി വികസന ഓഫീസർ തയ്യാറാക്കിയ 17-02-2018 ലെ ബില്ലും നിക്ഷാൻ ഇലക്ട്രോണിക്സിൽ നിന്നും വാട്ടർ പ്യൂരിഫയർ വാങ്ങിയ ബില്ലും മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. കേഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, ബിൽ ബുക്ക് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹12300തടസ്സപ്പെടുത്തുന്നു.

## 3-10 പച്ചക്കറി കൃഷി വികസനം (വനിത) പദ്ധതി മാർഗ്ഗരേഖ പ്രകാരമല്ല നടപ്പിലാക്കിയത് - മാർഗ്ഗരേഖാ വ്യതിചലനം

നിർവ്വഹണം :കൃഷി.അസി. ഡയറക്ടർ

പ്രോജക്ട് നമ്പർ : 89/18

പ്രോജക്ടിന്റെ പേര് : പച്ചക്കറി കൃഷി വികസനം (വനിത)

വകയിരുത്തിയ തുക : ₹ 803638 വികസന ഫണ്ട് പൊതുവിഭാഗം

₹2210650 ഗുണഭോക്ത വിഹിതം നേരിട്ട് ചെലവഴിക്കുന്നത്.

ആകെ ചെലവ്: ₹ 5,18,800

ചെലവു തുക : ₹ 86500 ബിൽ നമ്പർ 8/17-18തീയ്യതി: 86500/26.03.2018

ചെലവു തുക : ₹ 64875 ബിൽ നമ്പർ 9 /17-18തീയ്യതി: 64875/26.03.2018

ചെലവു തുക : ₹ 129750 ബിൽ നമ്പർ 10 /17-18തീയ്യതി: 129750/26.03.2018

ചെലവു തുക : ₹ 43250 ബിൽ നമ്പർ 1 1/17-18തീയ്യതി: 43250/26.03.2018

ചെലവു തുക : ₹ 64875 ബിൽ നമ്പർ 12/17-18തീയ്യതി: 64875/26.03.2018

ചെലവു തുക : ₹ 21425 ബിൽ നമ്പർ 13/17-18തീയ്യതി: 21425/26.03.2018

ചെലവു തുക : ₹ 43250 ബിൽ നമ്പർ 14/17-18തീയ്യതി: 43250/26.03.2018

ചെലവു തുക : ₹ 64875 ബിൽ നമ്പർ 15/17-18തീയ്യതി: 64875/26.03.2018

മേൽ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കും,ജൈവ വളം,കീടനാശിനി എന്നിവ സപ്ലൈ ചെയ്തതിന് ഇരിക്കൂർബ്ലോക്ക് അഗ്രോ സർവ്വീസ് സൊസൈറ്റി ശ്രീകണ്ഠാപുരം എന്ന സ്ഥാപനത്തിനും,പച്ചക്കറി തൈകൾ വിതരണം നടത്തിയതിന് ഇരിക്കൂർ ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതി/നേഴ്സറി മയ്യിൽ എന്ന സ്ഥാപനത്തിനും ബിൽ പ്രകാരം മാറിയ തുക അക്കൗണ്ടിലേക്ക് നേരിട്ട് നൽകിയിട്ടുണ്ട് .പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെപ്പറയുന്നു.

1.പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ.80/2017 തസ്വഭവ,തീയ്യതി.3.4.2017 ഖണ്ഡിക 8.1 കൃഷി ക്രമ നമ്പർ 2,3എന്നിവ പ്രകാരം ജൈവ കീട നാശിനി, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ എന്നിവ വിതരണം നടത്തുന്ന പ്രൊജക്ടുകൾ ഗ്രാമ പഞ്ചായത്ത് മാത്രമേ ഏറ്റെടുക്കാവൂ എന്ന് പ്രതിപാദിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖയിലെ ക്രമ.നം .6 ൽ പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്ന പ്രൊജക്ടുകളിൽ ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രൊജക്ടിലേക്ക് 50% വിഹിതം ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാവുന്നതാണെന്ന് സൂചപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി നടപ്പിലാക്കിയത് ബ്ലോക്ക് പഞ്ചായത്ത് നേരിട്ടാണ്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ താഴെ പറയുന്നു.

2.ഗ്രാമ സഭ തെരഞ്ഞെടുത്ത് ഗ്രാമ പഞ്ചായത്ത് അഗീകരിച്ച് നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണോ തുകകൾ കൈമാറിയത് എന്ന കാര്യം വ്യക്തമല്ല. ഇത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3.ഗുണഭോക്താക്കൾ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട് എന്ന് കൃഷി ഓഫീസ്സർ ഉറപ്പവരുത്തിയ സാക്ഷ്യ പത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4.പദ്ധതി ലക്ഷ്യപ്രാപ്തി നേടിയിട്ടുണ്ടോ എന്ന് പരിശോധിച്ച മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.15/16.10.2018)നിർവ്വഹണ ഉദ്യഗസ്ഥൻ മറുപടി ലഭ്യമാക്കിയട്ടില്ല.പദ്ധതി മാർഗ്ഗരേഖ പ്രകരാരം പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-11** <u>ക്ഷീര സഹകരണസംഘങ്ങളിലൂടെ പാലിന് സബ്സിഡി പദ്ധതി നടത്തിപ്പ് ക്രമപ്രകാരമല്ല</u>

പ്രോജക്ട് നമ്പർ : 44/18

പ്രോജക്ടിന്റെ പേര് : ക്ഷീര സഹകരണസംഘങ്ങളിലൂടെ പാലിന് സബ്സിഡി

വകയിരുത്തിയ തുക : ₹ 23,27,500 വികസന ഫണ്ട് (പൊതുവിഭാഗം)

ചെലവു തുക : ₹ 19,54,500 ബിൽ നമ്പർ 1 /17-18തീയ്യതി: 665050/13..09.2017

നിർവ്വഹണം :ഡയറി എക്സ്റ്റൻഷൻഓഫീസ്സർ

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1.മുഴുവൻ തുകയ്ക്കും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

മേൽ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി മയ്യിൽ ഗ്രാമ പഞ്ചായത്തിന് നൽകിയ ₹400000 യിൽ ₹186507 യുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.ബാക്കി വരുന്ന തുകയായ ₹213493 പദ്ധതി ഇനത്തിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രമോ, അല്ലെങ്കിൽ ബാക്കി തുക ബന്ധപ്പെട്ട ഫണ്ടിനത്തിൽ തിരിച്ചടക്കാനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.മാർഗ്ഗരേഖ പ്രകാരമല്ല പദ്ധതി നടപ്പിലാക്കിയത്

ചെലവു തുക : ₹ 150000 ബിൽ നമ്പർ 14/17-18 തീയ്യതി: 19.03.2018

മേൽ ബിൽ പ്രകാരം മാറിയ തുക മലപ്പട്ടം ഗ്രാമ പഞ്ചായത്തിലെ കൊളന്ത ക്ഷീരോല്പാദന സഹകരണ സംഘത്തിന് നേരിട്ട് നൽകിയിട്ടുണ്ട്.പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ.80/2017 തസ്വഭവ,തീയ്യതി.3.4.2017 ഖണ്ഡിക 8.2 മൃഗസംരക്ഷണം/ ക്ഷീര വികസനം ക്രമ നമ്പർ 8 പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്ക് സംയുക്തമായി നടപ്പിലാക്കാം.എന്നാൽ ഗ്രാമ പഞ്ചായത്തിലായിരിക്കണം നിർവ്വഹണം നടത്തേണ്ടത് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. കൊളന്ത ക്ഷീരോല്പാദന സഹകരണ സംഘമാണ് ബിൽ പ്രകാരം മാറിയ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയത്. പദ്ധതിയുടെ മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല, പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർവ്വഹണം നടത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 <u>വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല</u>

പ്രോജക്ട് നമ്പർ : 9/18

പ്രോജക്ടിന്റെ പേര് : ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന വിദ്യാത്ഥികൾക്ക് സ്കോളർഷിപ്പ്

വകയിരുത്തിയ തുക : ₹ 656250 വികസന ഫണ്ട് പൊതുവിഭാഗം

ചെലവു തുക : ₹ 656250 ബിൽ നമ്പർ 2/17-18തീയ്യതി: 656250/12.10.2017

നിർവ്വഹണം :സി.ഡി.പി.ഒ ഇരിക്കൂർ ,ശ്രീകണ്ഠാപുരം

മേൽ ബിൽ പ്രകാരം മാറിയ തുക ബ്ലോക്ക് പഞ്ചായത്തിലെ 4 ഗ്രാമ പഞ്ചായത്തുകൾക്ക് ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന വിദ്യാത്ഥികൾക്ക്

സ്കോളർഷിപ്പ് എന്ന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി നൽകിയിട്ടുണ്ട്.മയ്യിൽ ഗ്രാമ പഞ്ചായത്തിന് നൽകിയ ₹287500 ൽ ₹279050 യുടെ യും പയ്യാവൂർ ഗ്രാമ പഞ്ചായത്തിന് നൽകിയ ₹175000 ൽ ₹158975 യുടെ യുംവിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് .ബാക്കിയുള്ള ₹24475പദ്ധതി ചെലവിനത്തിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അല്ലെങ്കിൽ വിനിയോഗിക്കാത്ത തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടച്ച് രശീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2 നിർവ്വഹണം : സി.ഡി.പി.ഒ ഇരിക്കൂർ അഡീഷണൽ

പ്രോജക്ട് നമ്പർ : 18/18

പ്രോജക്ടിന്റെ പേര് : ബഡ് സ് സ്കൂൾ കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ

വകയിരുത്തിയ തുക : ₹ 1451750 വികസന ഫണ്ട് പൊതുവിഭാഗം

ചെലവ് തുക : ₹ 1451750 ബിൽ നമ്പർ 3 /17-18തീയ്യതി: 1451750/17.11.2017

മേൽ ബിൽ പ്രകാരം മാറിയ തുക ഉളിക്കൽ ഗ്രാമ പഞ്ചായത്തിന് ബഡ് സ് സ്കൂൾ കെട്ടിട നിർമ്മാണത്തിന് വേണ്ടി നൽകിയിട്ടുണ്ട്.പദ്ധതി പൂർത്തിയാക്കിയതിന്റെതിന്റെ വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കിയിട്ടില്ല.

3 പ്രോജക്ട് നമ്പർ : 8/18

പ്രോജക്ടിന്റെ പേര് : ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

വകയിരുത്തിയ തുക : ₹ 665050 വികസന ഫണ്ട് പൊതുവിഭാഗം

ചെലവ് തുക : ₹ 665050 ബിൽ നമ്പർ 1 /17-18തീയ്യതി: 665050/31.08.2017

നിർവ്വഹണം : സി.ഡി.പി.ഒ ഇരിക്കൂർ അഡീഷണൽ

മേൽ ബിൽ പ്രകാരം മാറിയ തുക ബ്ലോക്ക് പഞ്ചായത്തിലെ 4 ഗ്രാമ പഞ്ചായത്തുകൾക്ക് ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി നൽകിയിട്ടുണ്ട്.കുറ്റിയാട്ടൂർ ഗ്രാമ പഞ്ചായത്തിന് നൽകിയ ₹250000 ൽ ₹117726 യുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ള ₹132274പദ്ധതി ചെലവിനത്തിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉപയോഗിക്കാത്ത പണം വികസന ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## **3-13** <u>പ്രൊജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക – സർക്കാർ</u>

<u>വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

ജി.ഒ(എം.എസ്)80/17തീ.03.04.17പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 16അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റടുക്കേണ്ട പ്രൊജക്ടുകളുടെ അടങ്കൽ തുക നിശ്ചയിച്ചിട്ടുണ്ട്.ഇതനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് 5 ലക്ഷം രൂപയിൽ കുറവ് അടങ്കൽ വരുന്ന പ്രൊജക്ടുകൾ ഏറ്റെടുക്കുവാൻ പാടില്ല.ഇത് ബാധകമല്ലാത്ത ഏതാനും ഇനങ്ങളും വ്യവസ്ഥകളും ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെ 5 ലക്ഷം രൂപയിൽ കുറവ് അടങ്കൽ വരുന്നതായ പ്രൊജക്ടുകൾ വികസന ഫണ്ട് വകയിരുത്തി താഴെ ചേർത്തപ്രകാരം നടപ്പിലാക്കിക്കാണുന്നു.

| പ്രൊജക്റ്റ് നം | പേര് | അടങ്കൽ |
|---|---|---|
| 23/18 | മാണിയൂർ വിളയാരത്ത് വയൽ കുളത്തിന് പമ്പ് ഹൌസ് നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | 200000 |
| 24/18 | തലക്കോട് പച്ചക്കറി കൃഷി ക്ലസ്റ്ററിന് പമ്പ് സെറ്റും ടാങ്ക് സ്ഥാപിക്കലും | 200000 |
| 35/18 | കയിലൂർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 200000 |
| 58/18 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ വലിക്കുന്നതിന് കുറ്റ്യാട്ടൂർ പഞ്ചായത്തിന് വിഹിതം നൽകൽ | 200000 |

സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾപാലിക്കാതെ പ്രൊജക്റ്റ് നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പ്രൊജക്റ്റ് നം 23,24എന്നിവ നേരത്തെ തുടങ്ങിയ പ്രൊജക്ടാണെന്നും ആയതിന്റെ പൂർത്തീകരണത്തിന് വേണ്ടിയാണ് നടപ്പിലാക്കിയതെന്നും,പ്രൊജക്റ്റ് നം. 35 അത്യാവശ്യ പ്രൊജക്ടായതിനാലും പ്രൊജക്റ്റ് നം.58 സംയുക്ത പ്രൊജക്ടായി നടപ്പിലാക്കിയതാണെന്നും അറിയിക്കുകയുണ്ടായി.എന്നാൽ പദ്ധതി മാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ വികസന ഫണ്ട് വിനിയോഗിച്ച് ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് അടങ്കൽ

തുകയിലെ ഇളവ് ബാധകമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ കൂടി അഭിപ്രായം പരിഗണിച്ച് വിശദീകരണം നൽകേണ്ടതാണ്. സർക്കാർ നിശ്ചയിച്ച പ്രൊജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുകയുടെ പരിധിപാലിച്ചുകൊണ്ട് മാത്രമേ ഭാവിയിൽ പ്രൊജക്ടുകൾ നടപ്പിലാക്കുവാൻ പാടുള്ളൂ.

## 3-14 ഗുണഭോക്തൃവിഹിതം ശേഖരിക്കാതെ പ്രൊജക്ട് നടപ്പിലാക്കിയത് പ്രൊജക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

2017-18 വർഷം നടപ്പിലാക്കിയ ഏതാനും പ്രൊജക്ടുകൾക്ക് ഗുണഭോക്തൃവിഹിതം വകയിരുത്തിയിട്ടുണ്ട്.പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന്റെ ആനുകൂല്യം ലഭിക്കുന്ന പ്രദേശത്തെ വ്യക്തികളിൽ നിന്നും ഗുണഭോക്തൃവിഹിതം ശേഖരിച്ച് പഞ്ചായത്തിൽ ഒടുക്കുവാനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.എന്നാൽ താഴെ പറയുന്ന പ്രൊജക്ടുകളിൽ വകയിരുത്തിയ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാതെ പകരം കരാറുകാരന് നൽകേണ്ടുന്ന തുകയിൽ നിന്നും കുറവ് ചെയ്യുകയാണുണ്ടായത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം | പേര് | ആകെ പ്രവൃത്തി മൂല്യം | അടങ്കൽ | കുറവ് ചെയ്ത ഗുണഭോക്തൃവിഹിതം | ബിൽ നം തീ. |
|---|---|---|---|---|---|
| 25 | പെരിവണ്ണൂർ ജലസേചന കുളത്തിന് പമ്പ് ഹൌസ് ,മോട്ടോർ സ്ഥാപിക്കൽ | 566428 | 750000 | 56643 | 32/03.03.18 |
| 26 | കണ്ടക്കൈ ജലസേചന കുളത്തിന് പമ്പ് ഹൌസ് ,മോട്ടോർ സ്ഥാപിക്കൽ | 723118 | 865000 | 72312 | 29/03.03.18 |
| 23 | മാണിയൂർ വിളയാരത്ത് വയൽ കുളത്തിന് | 133781 | 200000 | 13368 | 39/22.03.18 |

| | | | | | |
|---|---|---|---|---|---|
| | പമ്പ് ഹൌസ് ,മോട്ടേർ സ്ഥാപിക്കൽ | | | | |
| 24 | തലക്കോട് പച്ചക്കറി കൃഷി ക്ലസ്റ്ററിന് പമ്പ് സെറ്റും ടാങ്ക് സ്ഥാപിക്കലും | 92696 | 200000 | 9270 | 40/22.03.18 |

പ്രൊജക്ടുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാതെ പദ്ധതി നടപ്പിലാക്കിയത് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ മറുപടിയിൽ ഗുണഭോക്തൃവിഹിതം ഒടുക്കുന്നതിന് ഗുണഭോക്തൃസമിതിയോട് പല തവണ ആവശ്യപ്പെട്ടിട്ടും ഒടുക്കുകയുണ്ടായില്ല എന്നും പഞ്ചായത്തിന് നഷ്ടം വരാതിരിക്കുവാനാണ് കരാറുകാരന് നൽകേണ്ടതുകയിൽ നിന്നും ഈടാക്കിയതെന്നും സമിതി തുക ഒടുക്കുന്നമുറക്ക് കരാറുകാരന് തുക നല്കുമെന്നുമാണ് അറിയിച്ചത്. എന്നാൽ ഇതിന് ആധാരമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഇത് ശരിയായ രീതിയല്ല. ഇത്തരം തെറ്റായ നടപടികൾ കരാറുകാരൻ ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ ഗുണനിലവാരത്തെ മോശമായി ബാധിക്കുന്ന സ്ഥിതിയാണുണ്ടാവുക. ജി.ഒ(എം.എസ്) 80/17തീ.03.04.17 പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 17അനുസരിച്ച് ഗുണഭോക്തൃവിഹിതം മുൻകൂറായി ഈടാക്കി തദ്ദേശഭരണസ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് അടച്ച ശേഷം കറാറുകാരന് ഉചിതമായ സമയത്ത് നൽകുകയാണ് വേണ്ടത്.അല്ലാതെ കരാറുകാരന് നൽകാനുള്ള തുകയിൽ നിന്നും കുറവ് ചെയ്യുത് തെറ്റായ നടപടിക്രമമാണ്.ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ല എന്ന ഉറപ്പ് വരുത്തിയശേഷം മാത്രമേ പ്രൊജക്ട് നടപ്പിലാക്കുവാൻ പാടുള്ളൂ.ഇക്കാര്യം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-15 ഗ്രാമ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

2017-18 വർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ താഴെപറയുന്ന പ്രൊജക്ടുകൾമുഖേന ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയിട്ടുണ്ട്.കൈമാറിയ തുകകളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം | പേര് | നൽകിയ തുക | തുക ലഭിച്ച സ്ഥാപനം | ബിൽ നം തീ. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 68 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വേണ്ടി ലൈൻ വലിക്കുന്നതിനായി കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 2,00,000 | കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് | 02/12.10.17 |
| 74 | മലപ്പട്ടം ഗ്രാമപഞ്ചായത്തിന് കുടിവെള്ള പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 15,00,000 | മലപ്പട്ടം ഗ്രാമപഞ്ചായത്ത് | 01/12.10.17 |
| 75 | പടിയൂർ ബദൽ സ്കൂൾ നിർമ്മാണം ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 11,99,000 | പടിയൂർ ഗ്രാമപഞ്ചായത്ത് | 3/12.10.17<br>42/26.03.18 |

കൈമാറിയ തുകകളുടെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-16 ജലസേചന പ്രോജക്ടുകൾക്ക് ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല-

2016-17 വാർഷിക പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(എം.എസ്) നമ്പർ 4/2016 തസ്വഭവ. തീയതി 11-01-2016 ഭാഗം 4 ഖണ്ഡിക 11.1.x. പ്രകാരം കാർഷികാവശ്യത്തിന് ജലവിതരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മാത്രമേ ജലസേചന പരിപാടികൾ എന്ന നിലയിൽ ഏറ്റെടുക്കാവൂ. ജലസേചന പരിപാടികളുടെ അടങ്കൽ തുകയുടെ 10 ശതമാനം തുക ഗുണഭോക്താക്കൾ വഹിക്കേണ്ടതും നിർവഹണത്തിനുമുമ്പായി അത്രയും തുക തദ്ദേശഭരണ സ്ഥാപനത്തിൽ പണമായി അടയ്ക്കേണ്ടതുമാണ്. കൂടാതെ ജലസേചന പരിപാടികൾക്ക് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്. ഖണ്ഡിക 11.1.xi. പ്രകാരം ജലവിതരണം നടത്തുന്ന ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്താക്കളുടെ സമിതിയെ ഏല്പിക്കേണ്ടതാണ്. ഇത സംബന്ധിച്ച കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ പ്രോജക്ട് നിർവഹണം ആരംഭിക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.

2016-17 വർഷം തയ്യാറാക്കി 2017-18 വർഷം സ്പിൽ ഓവർ പ്രോജക്ടായി

നടപ്പിലാക്കിയ താഴെ കൊടുത്ത പ്രോജക്ടുകൾക്ക് ഗുണഭോക്തൃവിഹിതം ശേഖരിച്ച് പഞ്ചായത്തിൽ ഒടുക്കുവാനാണ് വിഭാവനം ചെയ്തതെങ്കിലും ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാതെ കരാറുകാരന് നൽകേണ്ടുന്ന തുകയിൽ നിന്നും ഗുണഭോക്തൃവിഹിതം കുറവ് ചെയ്തതായി കാണുന്നു. ഇത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

| പ്രൊജക്ട് നം | പേര് | അടങ്കൽ | ആകെ പ്രവൃത്തി മൂല്യം | കുറവ് ചെയ്ത ഗുണഭോക്തൃവിഹിതം | ബിൽ നം തീ. |
|---|---|---|---|---|---|
| 90/18 | മയ്യിൽ ഗ്രാമപഞ്ചായത്തിലെ പെരിവൻങ്ങൂർ പച്ചക്കറി ക്ലസ്റ്ററിന് കുളം നിർമ്മാണം | 611000 | 596825 | 59683 | 04/30-06-17 |
| 95/18 | മയ്യിൽ ഗ്രാമപഞ്ചായത്തിലെ കണ്ടക്കൈ കാക്കടവത്ത് താഴെ ജലസേചന കുളം നിർമ്മാണം | 611000 | 596825 | 59683 | 08/30-06-17 |

മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാതെയും, കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റില്ലാതെയും മയ്യിൽ ഗ്രാമപഞ്ചായത്തിലെ കണ്ടക്കൈ കാക്കടവത്ത് താഴെ ജലസേചന കുളം നിർമ്മാണത്തിനുള്ള സ്ഥലം ബ്ലോക്ക്പഞ്ചായത്തിന് കൈമാറാതെയുമാണ് പദ്ധതികൾ ഏറ്റെടുത്ത് നടത്തിയിരിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ പല പ്രാവശ്യം ഗുണഭോക്തൃ സമിതിയോട് തുക അടവാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഗുണഭോക്താക്കൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ തുക അടക്കുവാൻ സാധിച്ചിട്ടില്ല എന്നും ആയതിനാൽ കരാറുകാരന് തുക നൽകിയിട്ടില്ല എന്നുമാണ്. കൂടാതെ ജലസേചന പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവും തുടർ നടത്തിപ്പും ഗുണഭോക്തൃ സമിതിയെ ഏല്പിച്ചിട്ടുണ്ടെന്നും കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് വാങ്ങിസൂക്ഷിച്ചിട്ടുണ്ട് എന്നും അറിയിക്കുകയുണ്ടായി . എന്നാൽ ഇത്തരം രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കേവലം തുക ശേഖരിക്കുക എന്നതിലുമുപരി ഇത്തരം പദ്ധതികളിൽ ഗുണഭോക്താക്കളുടെ മേൽനോട്ടവും ഉത്തരവാദിത്തവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യം അട്ടിമറിക്കുകയാണ് ഫലത്തിൽ ഉണ്ടായത്. മേൽ അപാകങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ ഉത്തരവ് പാലിച്ച് അടിയന്തിരമായി ഗുണഭോക്തൃ വിഹിതം യഥാവിധി ഈടാക്കി തുക ക്രമപ്പെടുത്തേണ്ടതും വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 3-17 ഗുണഭോക്തൃസമിതിക്ക് ഓവർഹെഡ് ചാർജ്, നികുതികൾ എന്നിവ അനുവദിച്ചതിലെ അപാകം -ചെലവ് തുക ₹4,86,686 തടസ്സപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 104/18 വെള്ളവയൽ പാലോട്ടുമല റോഡിന് കോൺക്രീറ്റ് അരിക്ചാൽ നിർമ്മാണം

അടങ്കൽ : ₹4,98,000 - വികസന ഫണ്ട്

ചെലവ് : ₹4,86,686

ബിൽ നമ്പർ :12/17-18 dtd 30-06-2017

കൺവീനർ ; ബി.കൃഷ്ണൻ

എം.ബുക്ക് : 8/17-18

കരാർ : NO.AEE/LSGD/IKR/8/16-17 dtd 08-05-2017

സാങ്കേതിക അനുമതി :.TS No.1115/2017-18 -- ₹4,86,686

ഗുണഭോക്തൃസമിതി മുഖേനയാണ് ഈ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2016 ലെ ഡെൽഹി നിരക്കുകളും MORD ഡാറ്റയും അവലംബിച്ചാണ്. എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജസ് അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. ജി.ഒ(പി)നം.30/2016/ഫിൻ, തിയതി 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജസ് മാത്രമേ ഉൾപ്പെടുത്താവൂ എന്നും അങ്ങനെ വരുമ്പോൾ നികുതികൾ ഗുണഭോക്തൃസമിതികൾ വഹിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തിക്ക് ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം അനുവദിച്ച 2.5% തുകയും ആകെ പ്രവൃത്തി മൂല്യത്തോട് ചേർത്ത് അനുവദിച്ച നികുതികളും അനുവദനീയമല്ല . വിശദവിവരം ചുവടെ കൊടുക്കുന്നു.

| അനുവദിച്ച തുക | | അനുവദനീയമായ തുക | | അധികം നൽകിയ തുക | |
|---|---|---|---|---|---|
| ഇനം | തുക | ഇനം | തുക | ഇനം | തുക |
| ആകെ പ്രവൃത്തി മൂല്യം | 464944 | ആകെ പ്രവൃത്തി മൂല്യം | 464944 | - | - |
| (+) നികുതികൾ | 27897 | (-) കുറക്കുക (2.5% OH) | 11624 | - | - |

| | | | | | |
|---|---|---|---|---|---|
| 6% | | | | | |
| ആകെ | 492841 | പ്രവൃത്തി മൂല്യം | 453320 | - | - |
| Limitted to T.S.Amount | 486686 | (-) നികുതികൾ | | - | - |
| (-) നികുതികൾ VAT 5% | 23247 | VAT 5% | 22666 | VAT | 581 |
| KCWWF 1% | 4649 | KCWWF 1% | 4533 | KCWWF | 116 |
| I.T 2% | 9299 | I.T 2% | 9066 | I.T | 233 |
| ആകെ കുറക്കുക | 37195 | ആകെ കുറക്കുക | 36265 | ആകെ | 930 |
| കൺവീനർക്ക് നൽകിയത് | 449491 | കൺവീനർക്ക് നൽകാവുന്നത് | 417055 | കൺവീനർക്ക് | 32436 |

തദ്ദേശ ഭരണ ചീഫ് എഞ്ചിനിയറുടെ 13-11-2014 ലെ ഡി.ബി. 1/1559 /2010/സി.ഇ/ ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് പാലിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിലെ നിർദ്ദേശം -3- പ്രകാരം കൺവീനറുടെയും ചെയർമാൻ്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ ജോയിൻ്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാടുകൾ (പഞ്ചായത്ത് നൽകുന്ന അഡ്വാൻസ്, ബിൽ തുക മുതലായവ ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്) നടത്താൻ പാടുള്ളൂ. നിർദ്ദേശം -6 - പ്രകാരം ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം യന്ത്രസാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ ,മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിർദ്ദേശം -8- പ്രകാരം ഫൈനൽ ബിൽ തയ്യാറാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിരിക്കെണ്ടതാണ്. നിർദ്ദേശം -10- പ്രകാരം ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ, കരാർ ഉടമ്പടിപ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കണം. എന്നാൽ മേൽ സൂചിപ്പിച്ച രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. കൂടാതെ എം.ബുക്കിൽ പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികളുടെ വിവരവും രേഖപ്പെടുത്തിയിട്ടില്ല .

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് ( നമ്പർ 16 തീയതി 16-10-2018 )രേഖകൾ പിന്നീട് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്.

ആവശ്യമായ എല്ലാരേഖകളും ഹാജരാക്കാത്തതിനാൽ യഥാർത്ഥത്തിൽ ഗുണഭോക്തൃസമിതിക്ക് നൽകേണ്ട തുക സംബന്ധിച്ച് കൃത്യത നിർണ്ണയിക്കാനായിട്ടില്ല. ആയതിനാൽ ചെലവ് തുക ₹4,86,686 തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധിച്ച് അധികം നൽകിയ തുക തിട്ടപ്പെടുത്തി ആയത് കൺവീനറിൽ നിന്ന് തിരിച്ച് ഈടാക്കി രേഖകൾ സഹിതം വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തി -

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി.എച്ച്.സി മയ്യിൽ

പ്രൊജക്ട്. നം - 83/18

പ്രൊജക്ട് - സി.എച്ച്.സിയിലേക്കാവശ്യമായ ഫർണ്ണിച്ചറുകളും ഉപകരണങ്ങളും വാങ്ങൽ

ബിൽ. നം.1/29.08.2017 - 53800/-

ബിൽ. നം.3/01.03.2018 - 8080/-

അടങ്കൽ തുക – 84000/- (നോൺ റോഡ് മെയിന്റനൻസ്)
ചെലവ് – 61880/- രൂപ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ഉപയോഗത്തിന് വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(പി)259/10തസ്വഭവ.തീ.08.11.2010 പ്രകാരം സർക്കാർ ഉത്തരവാക്കിയിട്ടുണ്ട്.ഈ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

തയ്യാറാക്കിയ പ്രൊജക്ടിന്റെ അടങ്കൽ 84000/-രൂപയാണ്. മേൽ ഉത്തരവ് പ്രകാരം മതിപ്പ് വില 50000/-രൂപക്ക് മേൽ വരുമ്പോൾ ലിമിറ്റഡ് ടെണ്ടറിംഗ് സമ്പ്രദായം സ്വീകരിക്കണം.4 മുതൽ 6വരെ എണ്ണം ടെണ്ടറുകൾ ഉണ്ടാകണം.ടെണ്ടറുകളുടെ വിൽപ്പന വേണ്ട.ടെണ്ടർ സമർപ്പിക്കുന്നതിന് 14ദിവസത്തെ സമയം നൽകണം.

എന്നാൽ 19.07.2017ലെബി.610/17ക്വട്ടേഷൻ നോട്ടീസിൽ ക്വട്ടേഷൻ സമർപ്പിക്കുവാനുള്ള അവസാന സമയം 24.07.2017തീയ്യതിയാണ്.അനുവദിക്കേണ്ട സമയം അനുവദിച്ചില്ല. ആകെ 4 സ്ഥാപനങ്ങൾ ക്വട്ടേഷൻ നൽകിയതായി ഫയലിൽ ഉണ്ട്.ഇതിൽ ബി.എം.ഫർണിച്ചർ നാറാത്ത് എന്ന സ്ഥാപനം ക്വട്ടേഷൻ നൽകിയത് 29.07.2017 തീയ്യതിയിലാണ്. സാധനങ്ങൾക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ കണ്ടെത്തുന്നതിന് തയ്യാറാക്കിയ പട്ടികയിൽ ഈ സ്ഥാപനത്തിന്റെയും ക്വട്ടേഷൻ താരതമ്യത്തിന് പരിഗണിച്ചിരിക്കുന്നു.

ലഭിച്ച ക്വട്ടേഷനുകളിൽ MAKS ഫർണിച്ചർ കമ്പിൽ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. 2സ്റ്റീൽ അലമാര, 50കസേര, റിവോൾവിംഗ് ചെയർ 1എണ്ണം, സ്റ്റീൽ റാക്ക് 1എണ്ണം എന്നിവയാണ് വാങ്ങിച്ചത്. എന്നാൽ പർച്ചേയിസിംഗ്

കമ്മിറ്റി വാങ്ങൽ നടപടിക്രമം അംഗീകരിച്ചത് 26.07.2017തീയ്യതിയിലാണ്. എന്നാൽ ഇതിന് മുന്നെതന്നെ 24.07.2017തീയ്യതിയിൽ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി. ഇവിടെ പർച്ചേയിസിംഗ് കമ്മിറ്റി നിർവ്വഹണ ഉദ്യാഗസ്ഥന്റെ നടപടിക്രമം അംഗീകരിക്കുകമാത്രമാണ് ചെയ്യത്. വാങ്ങിച്ച സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയിയതായി കാണുന്നില്ല. MAKS ഫർണിച്ചർ കമ്പിൽ എന്ന സ്ഥാപനത്തിന്റെ ബില്ലിൽ സാധനങ്ങളുടെ കമ്പനിയുടെ വിവരമോ മോഡൽ നമ്പറോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ഇതേ പ്രൊജക്ടിന്റെ ഭാഗമായി ബിൽ. നം.3/01.03.2018-പ്രകാരം 8080/- ചെലവഴിച്ച് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിച്ചിട്ടുണ്ട്. ഇതിന് ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല.പ്രൊജക്ട് മോണിറ്ററിംഗ് നടന്നിട്ടില്ല.

മേൽ അപാകങ്ങൾക്ക് നിർവ്വഹണ ഉദ്യാഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാങ്ങൽ സംബന്ധിച്ച് സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകളാണ് ബാധകമായത് എന്ന തെറ്റിദ്ധാരണമൂലമാണ് ടെണ്ടർ നടപടിക്രമത്തിൽ വീഴ്ചകൾ സംഭവിച്ചതെന്നും പെട്ടെന്ന് നടപ്പിലാക്കേണ്ട പ്രൊജക്ടായതിനാൽ ഫയലുകൾ കൈകാര്യം ചെയ്യപ്പോൾ അശ്രദ്ധമൂലം തെറ്റ് സംഭവിച്ച് പോയെന്നും അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് വിശദീകരണം നൽകേണ്ടതാണ്. മേലിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ ജി.ഒ.(പി)259/10തസ്വഭവ.തീ.08.11.2010 പ്രകാരമുള്ള നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതും പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ വന്ന മറ്റ് അപാകങ്ങൾ ആവർത്തിക്കില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-19 <u>വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ഇതുവരെയായി ലഭ്യമായില്ല -തുടർനടപടിയും സ്വീകരിച്ചില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, മെഡിക്കൽ ഓഫീസർ സി.എച്ച്.സി മയ്യിൽ

പ്രോജക്ട് നം : 85/18

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : 300000/- മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവു തുക : 300000/- ബിൽ നമ്പർ/തീയ്യതി :2/06.01.2018

വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മുൻകൂറായി 300000/- കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതിവരെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് ഇതുവരെയായി തുടർനടപടികളോ എഴുത്തുകുത്തുകളോ നടത്തിയിട്ടില്ല. ഇക്കാര്യത്തിൽ എത്രയും വേഗം തുടർനടപടികൾ കൈക്കൊള്ളേണ്ടതും സമയബന്ധിതമായി മരുന്ന് ലഭ്യമാക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-20 മാലിന്യ സംസ്കരണം -ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്റ്റ് നമ്പർ : 06/18

അടങ്കൽ : ₹ 1574600 -വികസന ഫണ്ട്

ചെലവ് : ₹ 1574600

ബിൽ നമ്പർ : 09/17-18 dtd 24-08-2017 --₹3,00,000

: 11/17-18 dtd 30-08-2017 --₹12,74,600

പ്രസ്തുത പ്രോജക്റ്റ് പ്രകാരം മാലിന്യ സംസ്കരണ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ഗ്രാമപഞ്ചാത്ത് | തുക |
|---|---|
| മയ്യിൽ ഗ്രാമപഞ്ചാത്ത് | ₹300,000 |
| ഉളിക്കൽ ഗ്രാമപഞ്ചാത്ത് | ₹950,000 |
| കുറ്റ്യാട്ടൂർ ഗ്രാമപഞ്ചാത്ത് | ₹200,000 |
| ഇരിക്കൂർ ഗ്രാമപഞ്ചാത്ത് | ₹124,000 |
| ആകെ | ₹1,574,600 |

ചെലവ് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

## 3-21 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല -ചെലവ് തുക ₹1750 തടസ്സപ്പെടുത്തുന്നു.

ചൂളിയാട് ബസ് സ്റ്റോപ്പ് കുടിവെള്ള പദ്ധതിക്കായി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഭൂജല വകുപ്പിന് ചെക്ക് നമ്പർ 1044870 dtd01-12-2017 പ്രകാരം ₹1750 നൽകിയിട്ടുണ്ട്. എന്നാൽ ഭൂജല വകുപ്പിൽ നിന്നും ലഭിച്ച ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്

ലഭ്യമാക്കിയിട്ടില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവ് തുക ₹1750 തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1420000 | പി.എം.എ.വൈ ഭവന നിർമ്മാണം | 1392000 | 28000 |
| ഗ്രാമ പഞ്ചായത്ത് | 460000 | പി.എം.എ.വൈ ഭവന നിർമ്മാണം | 360000 | 100000 |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ വിവരമാണ് മേൽ കാണിച്ചിട്ടുള്ളത്. എന്നാൽ ഈ കണക്കുകൾ അക്കൗണ്ടുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ഇതിന്റെ കൃത്യമായ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല. കണക്കുകളുടെ പൊരുത്തക്കേട് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും വിനിയോഗിക്കാൻ ബാക്കിയായ തുകയുടെ വിനിയോഗവിവരം അറിയിക്കേണ്ടതുമാണ്.

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം തുകയില്ല. ബാലൻസ് ഷീറ്റിൽ 675208/- രൂപ പ്രീപെയ്ഡ് പ്രോഗ്രാം ചെലവായി കാണിച്ചിട്ടുണ്ട്. ഇത് വിശദീകരിക്കേണ്ടതാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വേളയിൽ സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വായ്പകളൊന്നും ഇല്ല എന്നാണ്. എന്നാൽ 2017-18 വർഷത്തെ ബാലൻസ് ഷീറ്റിൽ വായ്പ കുടിശ്ശികയായി 675208/- രൂപ കാണുന്നു. ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയായി വായ്പ ഉള്ളപക്ഷം ആയത് തിരിച്ചടക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. വാർഷിക കണക്കിലുള്ള പിഴവാണെങ്കിൽ ആയത് പരിഹരിക്കേണ്ടതും ഇങ്ങനെ ബാധ്യത വരാനിടയായത് വിശദീകരിക്കേണ്ടതുമാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
| 2014-15 | 3.7(2) | 36032 | എ .എക്സ് .ഇ ,എൽ എസ്. ജി. ഡി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | രശീത് നം.59980 തീയ്യതി 05.02.2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95826099 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 120559838 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2433937 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1248000 | സുനിൽകുമാർ.കെ.എം,സെക്രട്ടറി |
| 3-7 | 50000 | സുനിൽകുമാർ.കെ.എം,സെക്രട്ടറി |
| 3-9 (1) | 28320 | ശ്രീജേഷ്.കെ.പട്ടികജാതി വികസന ഓഫീസർ |
| 3-9 (2) | 56881 | ശ്രീജേഷ്.കെ.പട്ടികജാതി വികസന ഓഫീസർ |
| 3-9 (3) | 550000 | സന്തോഷ് ശിവാന്ദൻ,പട്ടികജാതി വികസന ഓഫീസർ |
| 3-9 (4) | 12300 | വിമല.സി.പട്ടികജാതി വികസന ഓഫീസർ |
| 3-17 | 486686 | രാഗേഷ്.പി,അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |

| | | |
|---|---|---|
| 3-21 | 1750 | സുനിൽകുമാർ.കെ.എം,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുനിൽകുമാർ.കെ.എം,സെക്രട്ടറി | സെക്രട്ടറി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | കിഴക്കേകരമ്മൽ<br>വേക്കളം<br>വായന്നൂര്.പി.ഒ<br>670650 |
| ശ്രീജേഷ്.കെ.പട്ടികജാതി വികസന ഓഫീസർ | ലഭ്യമല്ല | ലഭ്യമല്ല |
| സന്തോഷ് ശിവാന്ദൻ,പട്ടികജാതി വികസന ഓഫീസർ | ലഭ്യമല്ല | ലഭ്യമല്ല |
| വിമല.സി.പട്ടികജാതി വികസന ഓഫീസർ | ലഭ്യമല്ല | ലഭ്യമല്ല |

| | | |
|---|---|---|
| രാഗേഷ്.പി,അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസി.എക്സി.എഞ്ചിനിയർ. എൽ.എസ്.ജി.ഡി തളിപ്പറമ്പ് | എടച്ചോവ്വ, കണ്ണൂർ |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 3 |
| 1999-00 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 6 |
| 2002-03 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 4 |
| 2003-04 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 7 |
| 2004-05 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 2 |
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 0 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 1 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 4 |
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 2 |
| 2009-10<br>2010-11 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 7 |
| 2011-12<br>2012-13 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 6 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൻ.ആർ-സി.4/618/18 തീ.24.04.2018 | 3 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ-സി.4/1845/17തീ.20.11.2017 | 1 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ-സി.4/306/17 തീ.22.03.2017 | 1 |

സീനിയർഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ./കെ.എൻ.ആർ/സി.4/1899/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

ഫോൺ: 0497 2707698

ഇ.മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 06.12.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| | Irikkur Block Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |

| | | | |
|---|---|---|---|
| | Opening Balance | | |
| Bank | Bank | RP-40(a) | 56236734.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 1700.00 |
| 140000000 | Fees & User Charges | RP-4 | 92768.00 |
| 150000000 | Sale & Hire Charges | RP-5 | 287146.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57277718.00 |
| 171000000 | Interest Earned | RP-9 | 9542.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 37204481.00 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 242112.00 |
| 350000000 | Other Liabilities | RP-36 | 51651.00 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 164890.00 |
| 460000000 | Loans, Advances and Deposits | RP-47 | 494091.00 |

| | | | |
|---|---|---|---|
| | Grand total | | 152062833.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2295976.00 |
| 220000000 | Administrative Expenses | RP-12 | 1453254.00 |
| 230000000 | Operations & Maintenance | RP-13 | 2600578.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9842715.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 41196889.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 25610216.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1835503.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 0.0 |
| 255000000 | Maintenance Projects | RP-20 | 5026719.00 |
| 280000000 | Prior Period item | RP-26 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 449353.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 156831.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1438.00 |
| 272000000 | Depreciation | RP-25 | 6200.00 |
| 340000000 | Deposits Received | RP-34 | 271959.00 |
| 350000000 | Other Liabilities | RP-36 | 60887.00 |
| 410000000 | Fixed Assets | RP-38 | 524238.00 |
| 412000000 | Capital work in Progress | RP-40 | 1227334.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 27467434.00 |
| 460000000 | Loans, Advances and Deposits | RP-47 | 532314.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 31502995.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 152062833.00 |

## അനുബന്ധം-2-2

# INCOME & EXPENDITURE STATEMENT For the period from 01-April-2017 to 31-March-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|

| | | | |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from panchayat properties | I-3 | 166590.00 |
| 140000000 | Fees & User Charges | I-4(b) | 92768.00 |
| 150000000 | Sale & Hire Charges | I-5(b) | 287146.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 111553045.00 |
| 171000000 | Interest Earned | I-8 | 9542.00 |
| A | Total Income | | 112109091.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2312168.00 |
| 220000000 | Administrative Expenses | I-11(b) | 1453254.00 |
| 230000000 | Operations & Maintenance | I-12(b) | 2627333.00 |
| 240000000 | Interest & Finance Charges | I-13 | 1438.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 11621791.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 50014889.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 23997505.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 1835503.00 |
| 255000000 | Maintance Projects | I-14(e) | 5026719.00 |
| 272000000 | Depreciation | I-17(a) | 6870044.00 |
| B | Total Expenditure | | 105760644.00 |
| C=A-B | Gross Surplus / Defict Income over Expenditure | | 6348447.00 |
| D= 280000000 | Prior Period Item | I-18 | -1792373.00 |
| E=C-D<br>290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 8140820.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

# BALANCE SHEET For the period from 01-April-2017 to 31-March-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 20197236.00 |
| 311000000 | Earmarked Funds | B-2 | 0.0 |
| 312000000 | Reserves | B-3 | 75136311.00 |
| | Total Reserve & Surplus | | 95333547.00 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 31294428.00 |
| | Total Grants,Contribution for specific purposes | | 31294428.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 675208.00 |
| | Total Loans | | 675208.00 |
| | Current Liabilities and Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 1183111.00 |
| 350000000 | Other Liabilities | B-9 | 92392.00 |
| | Total Current Liabilities and Provisions | | 1275503.00 |
| | TOTAL LIABILITIES | | 128578686.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 83956529.00 |
| 411000000 | Accumulated Depreciation | B-11 | -16289037.00 |
| 412000000 | Capital Work In Progress | B-11(a) | 1227334.00 |
| | Total Fixed Assets | | 68894826.00 |
| | Investments | | |
| | Current Assets,Loans and Advances | | |
| 430000000 | Stock in Hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 27467434.00 |
| 440000000 | Pre-paid Expenses | B-16 | 675208.00 |
| 450000000 | Cash and Bank balance | B-17 | 31502995.00 |
| 460000000 | Loans, Advances and Deposits | B-18 | 38223.00 |
| | Total Current Assets,Loans and Advances | | 59683860.00 |

| | | | |
|---|---|---|---|
| | TOTAL ASSETS | | 128578686.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.